# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6548 03/04/2018-ൽ മറുപടിയ്ക്ക്

### വിദേശനിർമ്മിത വിദേശ മദ്യത്തിന്റെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലകൾ വഴി വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ ഏതൊക്കെ റേഞ്ചുകളിലുള്ള ബ്രാന്റുകളാണ് വിപണനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; | (എ) വിദേശനിർമ്മിത വിദേശമദ്യത്തിന്റെ വിപണനം ബിവറേജസ് കോർപ്പറേഷന്റെ ചില്ലറവില്പനശാലകൾ വഴിയും വെയർഹൗസ് വഴിയും നടത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദേശനിർമ്മിത വിദേശമദ്യവും വിദേശനിർമ്മിത വൈനും കോർപ്പറേഷന് വിൽപ്പന നടത്തുവാൻ താല്പര്യമുള്ള വിദേശ കമ്പനികളിൽ നിന്നോ അവരുടെ ഇന്ത്യയിലുള്ള അംഗീകൃത ഏജന്റുമാരിൽ നിന്നോ ഓഫറുകൾ ക്ഷണിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന ഓഫറുകൾ പരിശോധിച്ചാൽ മാത്രമേ ഏതൊക്കെ റേഞ്ചുകളിലുള്ള ബ്രാൻഡുകളാണ് ലഭ്യമാകുക എന്ന് അറിയുവാൻ കഴിയുകയുള്ളൂ. ഓഫറുകൾ നൽകുന്നതിനുള്ള അവസാന തീയതി 10/04/2018-ഉം ഇത് തുറക്കുന്നത് 16/04/2018-ഉം ആണ് നിശ്ചയിച്ചിട്ടുള്ളത്. |

(.......തുടർച്ച)

| | |
|---|---|
| (ബി) ചില്ലറ വില്പന മദ്യഷോപ്പുകൾ പ്രവർത്തിക്കുന്ന എ.എഫ്.എൽ.1 നമ്പർ ലൈസൻസ് പ്രകാരം തന്നെ വിദേശ നിർമ്മിത മദ്യം വിൽക്കുന്നതിനും സാധിക്കുമോ; ഇല്ലെങ്കിൽ അതിനായി അബ്കാരി നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ? | (ബി) നിലവിലുള്ള നിയമം അനുസരിച്ച് എഫ്.എൽ-9 ലൈസൻസുള്ള വെയർഹൗസിൽ നിന്നോ എഫ്.എൽ-1 ലൈസൻസുള്ള ഷോപ്പുകൾ വഴിയോ വിദേശനിർമ്മിത വിദേശമദ്യം വിപണനം നടത്തുവാൻ സാധ്യമല്ല. എന്നാൽ ഇത് സാധ്യമാക്കുന്നതിനുള്ള ഭേദഗതി കേരള അബ്കാരി നിയമത്തിൽ വരുത്തുന്നതിനായി 2018 -ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിലും എടുത്തു വരുന്നുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ